**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഒറ്റപ്പാലം നഗരസഭ പുതുതായി നിർമ്മിക്കുന്ന ബസ്റ്റാന്റ് കോംപ്ലക്സ് നിർമ്മാണം- കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്നും 6,70,25,527 (ആറ് കോടി എഴുപത് ലക്ഷത്തി ഇരുപത്തിഅയ്യായിരത്തി അഞ്ഞൂറ്റി ഇരുപത്തിയേഴ്) കോടി രൂപ വായ്പ എടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ) നം.2296/16/തസ്വഭവ തിരുവനന്തപുരം, തീയതി :29.07.2016

പരാമർശം -
1. സ.ഉ.(എം.എസ്) നം.147/2009/തസ്വഭവ തീയതി 29-07-2009.
2. സ.ഉ(സാധാ) നം.802/13/ തസ്വഭവ തീയതി 26-03-2013.
3. ഒറ്റപ്പാലം നഗരസഭ സെക്രട്ടറിയുടെ- 23-06-2016-ലെ ഇ 1 -2385/96 നമ്പർ കത്ത്.
4. നഗരകാര്യ ഡയറക്ടറുടെ 30-06-2016-ലെ ഡി.സി.3-14860/15 നമ്പർ ശുപാർശ.

**ഉത്തരവ്**

ഒറ്റപ്പാലം നഗരസഭ പുതുതായി നിർമ്മിക്കുന്ന ബസ്റ്റാന്റ് കോംപ്ലക്സ് നിർമ്മാണത്തിനായി 14.26 കോടി രൂപ (പതിനാല് കോടി ഇരുപത്തി ആറ് ലക്ഷം രൂപ മാത്രം) കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്നും വായ്പ എടുക്കുന്നതിന് അനുമതി നൽകി പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടി തുക ഉപയോഗിച്ച് ബസ്റ്റാന്റ് കോംപ്ലക്സ് നിർമ്മാണം പൂർത്തിയാക്കാൻ നാളിതുവരെ കഴിയാത്ത സാഹചര്യത്തിൽ 6,70,25,527 രൂപ കൂടി കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്നും വായ്പ എടുക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (3) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി. ആയതിന് നഗരകാര്യ ഡയറക്ടർ മേൽ സൂചന (4) പ്രകാരം ശുപാർശ ചെയ്തിട്ടുമുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ഒറ്റപ്പാലം നഗരസഭയുടെ ബസ്റ്റാന്റ് കോംപ്ലക്സ് നിർമ്മാണം പൂർത്തിയാക്കുന്നതിനായി ഒറ്റപ്പാലം വില്ലേജ് അരിയൂർ തെക്കുംമുറി ദേശത്ത് 100/2, 11,12,13,14, 102/5,7, 103/4,5, 105/16 എന്നീ സർവ്വേ നമ്പരിലുള്ള 1.6787 ഹെക്ടർ സ്ഥലവും ബസ്റ്റാന്റ് കോംപ്ലക്സും ജാമ്യമായി നൽകികൊണ്ട്, 29-7-2009 -ലെ സ.ഉ (എം.എസ്) 147/2009/തസ്വഭവ നമ്പർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി കെ.യു.ആർ.ഡി.എഫ്.സിയിൽ നിന്നും 11% പലിശ നിരക്കിൽ 6,70,25,527/- രൂപ കൂടി (ആറ് കോടി എഴുപത് ലക്ഷത്തി ഇരുപത്തിഅയ്യായിരത്തി അഞ്ഞൂറ്റി ഇരുപത്തിയേഴ് രൂപ മാത്രം) വായ്പ എടുക്കുന്നതിന് കേരള ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് സെക്ഷൻ (3) പ്രകാരം ഒറ്റപ്പാലം നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എ.കെ. മോഹന കുമാർ
ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം.
സെക്രട്ടറി, ഒറ്റപ്പാലം നഗരസഭ
മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി. തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്), കേരളം,തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ